21/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1800(5)/18/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No.8086/SIC-G7/2018

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി: 25.11.2021

ശ്രീ. വി.ജെ. ജിജു,
ശ്യാമാളാലയം,
ആലംകോട്,
പാങ്ങപ്പാറ, തിരുവനന്തപുരം. — അപ്പീൽഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ഓഫീസ്,
കല്ലിയൂർ, തിരുവനന്തപുരം.

അപ്പീൽ അധികാരി,
താലൂക്ക് ഓഫീസ്,
തിരുവനന്തപുരം. — എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | --- |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.03.2018 |
| ഒന്നാംഅപ്പീൽ | --- |
| അപ്പീൽ അധികാരിയുടെ തീരുമാനം | 19.03.2018 |
| രണ്ടാംഅപ്പീൽ | 13.07.2018 |
| ഹിയറിംഗ് തീയതി | 14.09 .2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, അപ്പീൽഹർജിക്കാരനും ഭാര്യയും 26.09.2017 ന് സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു, അപേക്ഷയിൽ പരാമർശിക്കുന്ന വസ്തുവിന്റെയും വഴിയുടെയും കിഴക്കുവശം സ്ഥിതി ചെയ്യുന്ന റീസർവ്വെ 254/9 ൽ കൊണ്ട വസ്തുവുമായി ബന്ധപ്പെട്ട എന്തെങ്കിലും ക്രയവിക്രയങ്ങൾ അപേക്ഷ നൽകിയിതിന് ശേഷം നടന്നിട്ടുണ്ടോ, ഉണ്ടെ

ങ്കിൽ പ്രസ്തുത വസ്തു ആരുടെ പേർക്ക് പോക്കുവരവ് ചെയ്ത് നൽകി എന്നിങ്ങ നെയുള്ള വിവരങ്ങളാണ്.

2. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടന്ന ഹിയറിംഗിൽ ഇരുകക്ഷികളും പങ്കെടുത്തിരുന്നു.

3. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി നൽകിയിരുന്നു എന്നും വില്ലേജ് രേഖ കൾ പരിശോധിച്ചതിൽ 254/9 ൽ കൊണ്ട വസ്തുവുമായി ബന്ധപ്പെട്ട പോക്കുവ രവ് അപേക്ഷകൾ ലഭിച്ചില്ല എന്നുമാണ് എസ്.പി.ഐ.ഒ കമ്മീഷനെ അറിയിച്ചത്.

4. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭിക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും തുടർന്ന് 19.03.2018 ൽ മറുപടി ലഭ്യമാക്കി എന്നും പ്രസ്തുത മറുപടി തെറ്റും അപൂർണ്ണവുമാണെന്നും 19.03.2018 ലെ മറുപടിയിൽ അപ്പീൽ അധി കാരിയുടെ പേരും മേൽവിലാസം രേഖപ്പെടുത്തിയിരുന്നില്ല എന്നും ആകയാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്നും സമയബന്ധിതമായി മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെ ന്നുമാണ് അപ്പീൽഹർജിക്കാരൻ കമ്മീഷനോട് ആവശ്യപ്പെട്ടത്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, അപ്പീൽഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകുന്ന തിൽ എസ്.പി.ഐ.ഒയുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. അപ്പീൽ ഹർജിക്കാരന്റെ 26.12.2017 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് 19.03.2018 ൽ മാത്രമാണ് മറുപടി നൽകിയിട്ടുള്ളത് അതായത് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചതിന് ശേഷമാണ്. പ്രസ്തുത മറുപടിയിൽ അപ്പീൽ അധികാരിയുടെ പേരോ മേൽവിലാസമോ അപ്പീൽ കാലാവധിയോ യാതൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. തികച്ചും നിരുത്തരവാദപരമായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളത്. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാതി രുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയുടെ നടപടി പ്രസ്തുത നിയമം 7(1) ന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ

ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ വകുപ്പ് 20(1) പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. 7803/06, 7806/06, 7059/06, 7092/06 എന്നീ ഫയലിലെ വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിച്ചു. നിരന്തരം ശ്രമം നടത്തിയിട്ടും ടി ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് എതിർകക്ഷിയുടെ വാദം ന്യായീകരിക്കത്തക്കതല്ല. മേൽ സാഹചര്യത്തിൽ 7803/06, 7806/06, 7059/06, 7092/06 എന്നീ ഫയലുകൾ ഒരിക്കൽ കൂടി തീവ്രശ്രമം നടത്തി പരിശോധിക്കുവാനും കണ്ടെത്തുന്ന മുറയ്ക്ക് അപേക്ഷയിൽ ആവശ്യപ്പെട്ട ഫയലുകളുടെ പകർപ്പുകൾ സൗജന്യമായി നൽകുവാനും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വിവരം നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ് ഇപ്രകാരം ഈ അപ്പീൽഹർജിയിൻമേൽ ഇന്നേദിവസം 2021 നവംബർ മാസം 25-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT